DIGITAL MAGAZINE

GHSS EDNEER
KASARGOD

# പൊൻതൂവൽ

# ഉള്ളടക്കം

Akku's idea --- Rajalakshmi

The doll --- Reshmi

കരിമേഘം --- ഫർഹാന, 4 ബി

എന്തു വേണം --- ആതിര സി, 4 എ

പേനയും പെൻസിലും --- ആയിഷത്ത് അഫീഫ

ഒരു പൊട്ടിത്തെറി --- ആകാശ് കൃഷ്ണ

# Akku's Idea

Long ago, a little rabbit named Akku lived in a for-est. One day, Akku was walking around in the forest,looking for something to eat, when he saw some carrotslying under a tree. Akku ran to the carrots, and startedto eat them. Suddenly, Forlu Fox pounced upon Akku."Ha! Ha! I'm going to eat you," Forlu said. Akku started to tremble with fear. But suddenly he got anidea. He said, "If you let me go, I will showcave where hundreds of rabbits live. You cancatch as many rabbits you want, there," Forluwas overjoyed to hear this. Akku took him tocave and said, "Go inside! There are many rabbits in there." Forlu put Akku down, and raninto the cave. But the cave was actually Lippolion's cave. As soon as Forlu entered thecave, Lippo leapt on him. "Help!" cried Forlu.He ran for his life.

Rajalakshmi
9B

# THE DOLL

One day,Puffy, the kind puppywas walking along the woods. Suddenly, he heard someone crying. Helooked around, and saw a little squirtrel standing beneath a tree. Puffywent to him and asked, "Why are youcrying, little squirrel?""I was playing with my new doll,and a naughty monkey snatched it,and tore it in to pieces," he sobbed."Don't worry little squirrel, I'll getyou another toy." Puffy thought forwhile. Then, he took a long balloon.He blew it up, twist it a numberof times, and turned it into a fluffypuppy doll. He gave it to the squirrel.squirrel thanked Puffy."Yay! It's so beautiful. I love it!" The sqirrel thanked Puffy

Reshmi
9B

## കരിമേഘം

മാനത്തുണ്ടൊരു വലിയാന
കറുത്തിരുണ്ടൊരു മദയാന
ആന കരഞ്ഞാലയ്യയ്യോ
ഭൂമിയിലാകെ മഴ പൊഴിയും
വമ്പനിവൻ മിഴി ചിമ്മുമ്പോൾ
മിന്നൽ മിന്നിപ്പടരുന്നു
ഈ വലിയാനയിടഞ്ഞാലോ
ഇടിയുടെ കിടിലം കേൾക്കുന്നു
നോക്കൂ മാനത്തെങ്ങെങ്ങും
വിലസുന്നിവനൊരു കരിമേഘം

ഫർഹാന, 4 ബി

## എന്തു വേണം

പൂച്ചമ്മേ പൂച്ചമ്മേ
എന്തു വേണം
കാച്ചിയ പാല്
കുടിക്കാൻ വേണം
പാലുകുടിച്ചിട്ടെന്തു വേണം
കറുമുറെ തിന്നുവാൻ
മീനും വേണം
മീനും തിന്നിട്ടെന്തുവേണം
കണ്ണുമടച്ച് ഉറങ്ങേണം
ഉറങ്ങിയെഴുന്നേറ്റാൽ
എന്തു വേണം
കൂടെക്കളിക്കുവാൻ
നീ കൂടെവേണം

ആതിര സി, 4 എ

# പേനയും പെൻസിലും

ഒരിക്കൽ കടലാസുപെൻസിലും പേനയും പേനയും തമ്മിൽ വഴക്കായി. “ ഞാനാണ് വലിയവൻ " എന്ന് പേന പറഞ്ഞു. എനിക്കാണ് കൂടുതൽ പ്രാധാന്യം. നിന്നെ ആർക്കും വേണ്ട. ഒന്നാം ക്ലാസിലെയും രണ്ടാം ക്ലാസിലെയും പീക്കിരി പിള്ളേർക്ക് മാത്രമേ നിന്നെ ആവശ്യമുള്ളൂ. എന്നാൽ ഞാനോ ? പല വിലയിലും പല നിലയിലും സമൂഹത്തിലുണ്ട്. ഇതു കേട്ട് പെൻസിൽ പറഞ്ഞു. “ എന്നെ ചിത്രകാരന്മാരും ചെറിയ കുട്ടികളും ഉപയോഗിക്കുന്നുണ്ടല്ലോ , അത് മേന്മയല്ലേ ? “എന്നെ കളക്ടർമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ എന്തിനധികം പ്രധാനമന്ത്രിവരെ എന്നെയല്ലേ ഉപയോഗിക്കുന്നത്. നീ വെറും ശിശു.നിനക്ക് ഒരു പ്രാധാന്യവുമില്ല " പേന പെൻസിലിനെ പരിഹസിച്ചു. ഇതു കേട്ട് പെൻസിൽ വല്ലാതെ വേദനിച്ചു. അവൻ കരയാൻ തുടങ്ങി. അപ്പോഴാണ് അവിടേക്ക് ഒരു ചിത്രകാരൻ വന്നത്. അദ്ദേഹം തന്റെ ക്യാൻവാസിൽ ഒരു ചിത്രം വരക്കാൻ വേണ്ടി പെൻസിലെടുത്തു. കുറച്ചു സമ.ത്തിനുള്ളിൽ ഒരു നല്ല ചിത്രം പൂർത്തിയായി. അതിമനോഹരമായിരുന്നു അത്. പേന ഇതു കണ്ട് സ്തബ്ധനായി നിന്നുപോയി. കാരണം ഒരിക്കൽ പോലും ഒരു ചിത്രകാരൻ തന്നെ ഉപയോഗിച്ചതേയില്ല. കുറച്ചു കഴിഞ്ഞ് ഒരു വലിയ പണക്കാരൻ ആചിത്രം വലിയ വിലയ്ക്ക് വാങ്ങിക്കൊണ്ട് പോയി. ഇതു കണ്ടപ്പോൾ പേന നിരാശനായി. അവന് കുറ്റബോധം തോന്നി. താൻ പെൻസിലിനെ പരിഹസിച്ചത് തെറ്റായിപ്പോയെന്ന് അവന് തോന്നി. ആരും ചെറിയവരല്ല.എല്ലാവർക്കും അവരുടേതായ പ്രാധാന്യമുണ്ടെന്ന സത്യം പേനയ്ക്ക് മനസ്സിലായി.പേന പെൻസിലിനോട് മാപ്പ് പറഞ്ഞു. പിന്നീട് അവർ നല്ല സുഹൃത്തുക്കളായി മാറി.

ആയിഷത്ത് അഫീഫ
8 ബി

# ഒരു പൊട്ടിത്തെറി

ചന്ദ്രഗ്രഹണം നമുക്കിന്ന് വലിയൊരു വാർത്തയല്ല. പൂർണ്ണ ചന്ദ്രഗ്രഹണമായാലും അതിന് പൂർണ്ണ സൂര്യഗ്രഹണം പോലെ വാർത്താ പ്രാധാന്യം കിട്ടാറില്ല. എന്നാൽ ഭൂമിയുടെ അന്തരീക്ഷത്തെപറ്റിയും ചന്ദ്രോപരിതലത്തെപ്പറ്റിയും ഇതൊരു സുവർണാവസരമാണെന്നാണ് അടുത്ത കാലത്തെ കണ്ടെത്തൽ. ഉൽക്കാപതനത്തിന്റെ പരീക്ഷണശാലയാണല്ലോ ചന്ദ്രോപരിതലം. പൂർണഗ്രഹണസമയത്ത് ഉൽക്കാപതനത്തിന്റെ തത് സമയദൃശ്യങ്ങൾ പകർത്തിയിരിക്കുകയാണ് വാന ശാസ്ത്രജ്ഞർ. സംഭവം നടക്കുന്നത് ഇക്കഴിഞ്ഞ പൂർണ ചന്ദ്രഗ്രഹണ വേളയിലാണ്. ചന്ദ്രഗ്രഹണസമയത്ത് ചന്ദ്രനെ ഭൂമി മറയ്ക്കുകയാണ് എന്ന കാര്യം നമുക്കെല്ലാമറിയാം. ഇരുണ്ട ചന്ദ്രബിംബത്തിൽ ഒരു സ്ഫോടനം. ചന്ദ്രനെ കണ്ണുംനട്ടിരുന്ന ക്യാമറകൾക്ക് ഒരു വിചിത്രമായ ദൃശ്യവിരുന്ന്. ശാസ്ത്രലോകത്തിന് അദ്ഭുതം. ഏതാണ്ട് ഒരു വലിയ ചക്കയോളം വലുപ്പം പറയപ്പെടുന്ന ഒരു ഉൽക്ക മണിക്കൂറിൽ 6100 കിലോമീറ്റർ വേഗത്തിൽ ചന്ദ്രോപരിതലത്തിൽ പതിക്കുകയായിരുന്നു. അതായത് നല്ല സ്പീഡിൽ പോകുന്ന ഒരു കാറിന്റെ ആയിരം മടങ്ങ് വേഗത്തിലാണ് ഉൽക്ക ചന്ദ്രോപരിതലത്തിൽ പതിച്ചത്. സ്ഫോടനംമൂലം 55 അടിയോളം വ്യാസമുള്ള ഒരു ഗർത്തമുണ്ടായി. ചന്ദ്രഗർത്തങ്ങളുടെ ഉദ്ഭവത്തെപറ്റി ഇനി ഇതിൽ കൂടുതൽ തെളിവ് വേണോ ? സ്ഫോടനത്തിൽ 5000 ഡിഗ്രി സെൽഷ്യസ് ചൂടുണ്ടായത്രെ. അതായത് സൗരോപരിതലത്തിലെ ചൂട്. ഈ കഴിഞ്ഞ ഏപ്രിൽ അവസാനവാരം റോയൽ ആസ്ട്രോണമിക്കൽ സൊസൈറ്റിയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

ആകാശ് കൃഷ്ണ
9 ബി